(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത അന്വേഷണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ അന്വേഷണത്തിലും എന്തെങ്കിലും കുറ്റങ്ങൾ പ്രസ്തുത വ്യക്തിയുടെ പേരിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ടിയാന്റെ പേരിൽ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി. ആയിരുന്ന ശ്രീ. റ്റി. ജെ. ജോസ്, ഐ.പി.എസ് കോപ്പിയടിച്ചതുമായി ബന്ധപ്പെട്ട് എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ സ്റ്റുഡന്റ്സ് ഡിസിപ്ലിൻ, വെൽഫെയർ ആന്റ് ഗ്രിവൻസെസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18-12-2015-ൽ ചേർന്ന യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാനിച്ച പ്രകാരം 6-1-2016-ലെ ഉത്തരവ് പ്രകാരം ശ്രീ. റ്റി. ജെ. ജോസ് ഐ.പി.എസ്. ഏപ്രിൽ/മേയ് 2015-ൽ എഴുതിയ എല്ലാ പരീക്ഷകളും (LLM) ടിയാനെ സംബന്ധിച്ചിടത്തോളം റദ്ദ് ചെയ്യുകയും മേയ് 2016 വരെ യൂണിവേഴ്സിറ്റി നടത്തുന്ന എല്ലാ പരീക്ഷയിൽ നിന്നും ടിയാനെ വിലക്കുകയും (Debar) ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. ടി. ജെ. ജോസിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സി.ബി.ഐ.-ക്ക് വിട്ട കേസുകൾ

162 (1904) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര കേസുകൾ സി.ബി.ഐ.ക്ക് വിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ സർക്കാർ നേരിട്ട് വിട്ട കേസുകളും കോടതി നിർദ്ദേശത്തെ തുടർന്ന് വിട്ട കേസുകളും എത്രയെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര കേസുകൾ ഇതിനകം സി.ബി.ഐ. ഏറ്റെടുത്തെന്ന് വിശദമാക്കാമോ;

(ഡി) സി.ബി.ഐ. ഏറ്റെടുക്കാത്ത കേസുകളിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സി.ബി.ഐ. നൽകിയ വിശദീകരണക്കുറിപ്പുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 32 ലോട്ടറി കേസ്സുകൾ ഉൾപ്പെടെ 98 കേസ്സുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട്.

(ബി) ഇതിൽ സർക്കാർ നേരിട്ട് വിട്ട കേസ്സുകളുടെ എണ്ണം-64, കോടതി നിർദ്ദേശത്തെ തുടർന്ന് വിട്ട കേസ്സുകളുടെ എണ്ണം-30

(സി) ഇതിൽ 79 കേസ്സുകൾ ഇതിനകം സി.ബി.ഐ. ഏറ്റെടുത്തു.

(ഡി) പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ സുജിത്ത്, അഭിലാഷ്, നാരായണൻ ഇവർക്കെതിരെ ആക്രമണം

163(1905) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ അരവത്ത് ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ സുജിത്ത്, അഭിലാഷ്, നാരായണൻ എന്നിവരെ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എല്ലാ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly